**ടീച്ചിങ് മാന്വൽ**

വിഷയം : സോഷ്യൽ സയൻസ്

ക്ലാസ് ഡിവിഷൻ :5 A

യൂണിറ്റിന്റെ പേര് : ഭക്ഷണവും മനുഷ്യരും

തീയതി :

പ്രതീക്ഷിക്കുന്ന സമയം : ഒരു പീരീഡ്

പഠന ലക്ഷ്യം: മനുഷ്യരുടെ നിലനിൽപ്പിന് അത്യാവശ്യമായ ഘടകങ്ങളിൽ ഒന്നാണ് ഭക്ഷണം എന്ന് തിരിച്ചറിയുന്നതിന്

ആശയങ്ങൾ/ധാരണകൾ : ആദിമ മനുഷ്യരുടെ ഭക്ഷണ സമ്പാദനം

പഠന സാമഗ്രികൾ : പാഠപുസ്തകം, റഫറൻസ് പുസ്തകങ്ങൾ, ചിത്രങ്ങൾ, ഐസിടി

പ്രതീക്ഷിത ഉത്പന്നങ്ങൾ : കുറിപ്പുകൾ

| **പ്രക്രിയകൾ** | **വിലയിരുത്തൽ** |
|---|---|
| വിവിധ ഭക്ഷ്യവസ്തുക്കളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.<br>അവയിൽ കാണുന്ന ഭക്ഷ്യവിഭവങ്ങൾ ഏതൊക്കെ എന്ന് ലിസ്റ്റ് ചെയ്യുന്നു.<br>പാഠഭാഗത്തിൽ നൽകിയിരിക്കുന്ന ഡയറിക്കുറിപ്പ് വായിച്ച് അതിൽ സൂചിപ്പിച്ചിരിക്കുന്ന വിഭവങ്ങൾ ഏതൊക്കെ എന്നും ലിസ്റ്റ് ചെയ്യുന്നു. | |

| | |
|---|---|
| കുട്ടികൾ തങ്ങൾ കഴിച്ചിട്ടുള്ള ഭക്ഷ്യവിഭവങ്ങ ളുടെ പട്ടിക തയ്യാറാക്കുന്നു.<br>തുടർന്ന് ഭക്ഷണത്തിന്റെ ആവശ്യകത ചർച്ച ചെയ്യുന്നു.<br>മനുഷ്യരുടെ നിലനിൽപ്പിന് അത്യാവശ്യമായ ഘടകങ്ങളിൽ ഒന്നാണ് ഭക്ഷണം എന്ന ആശയത്തിൽ എത്തിച്ചേരുന്നു.<br>ഭക്ഷണത്തിന്റെ ചരിത്രം അറിയുന്നതിനായി ഭക്ഷണ സമ്പാദനം എന്ന ഭാഗത്തേക്ക് പ്രവേശിക്കുന്നു.<br>നിങ്ങൾ ലിസ്റ്റ് ചെയ്ത ഭക്ഷണങ്ങളെല്ലാം പണ്ടുകാലം മുതൽക്കേ ഉള്ളവയാണോ?<br>പണ്ടുകാലത്ത് ഉണ്ടായിരുന്ന ഭക്ഷണങ്ങൾ ഏതെല്ലാം?<br>ആദിമ കാലത്തെ മനുഷ്യൻ ഏതുതരം ഭക്ഷണമായിരിക്കും കഴിച്ചിട്ടുണ്ടാവുക?<br>കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തി അവതരിപ്പിക്കുന്നു.<br>ആദിമ കാലത്തെ മനുഷ്യർ എങ്ങനെയൊക്കെയായിരിക്കാം ഭക്ഷണം സമ്പാദിച്ചിരുന്നത്?<br>ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നതിനായി പാഠപുസ്തകം പേജ് 28 ലെ ചിത്രങ്ങൾ നിരീക്ഷിക്കുന്നു.<br>പ്രാചീന മനുഷ്യരുടെ ഭക്ഷണ സമ്പാദനത്തെ കുറിച്ച് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത് എന്ന് രേഖപ്പെടുത്തുന്നു.<br>ഭക്ഷണസമ്പാദനത്തിനായി ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾപരിചയപ്പെടുത്തുന്നു. ഈ ഉപകരണങ്ങളുടെ പ്രത്യേകതകൾചർച്ചചെയ്ത് കണ്ടെത്തുന്നു. ഈ ഉപകരണങ്ങൾ എന്തെല്ലാം ആവശ്യങ്ങൾക്കായിരിക്കും ഉപയോഗിച്ചിട്ടുണ്ടാവുക?<br><br>വേട്ടയാടലിലൂടെയും ശേഖരണത്തിലൂടെയും അവർക്ക് എന്തെല്ലാം ഭക്ഷ്യവസ്തുക്കൾ ആയിരിക്കും ലഭിച്ചിട്ടുണ്ടാവുക?<br>ഗ്രൂപ്പിൽ ചർച്ച ചെയ്ത് എഴുതുന്നു.<br>ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.<br>കുട്ടികൾ തന്നെ വ്യക്തിഗത പ്രവർത്തനങ്ങളും ഗ്രൂപ്പ് പ്രവർത്തനങ്ങളും വിലയിരുത്തുന്നു .<br>ടീച്ചർ ക്രോഡീകരിക്കുന്നു;<br>• എല്ലാ ജീവികൾക്കും ഭക്ഷണം ആവശ്യമാണ്<br>• ആദിമകാലത്ത് ഇലകൾ, പഴങ്ങൾ, കിഴങ്ങുകൾ ധാന്യങ്ങൾ എന്നിവയായിരുന്നു ഭക്ഷണം<br>• കൂടാതെ മറ്റു ജീവികളെകൊന്നു ഭക്ഷിക്കുകയും ചെയ്തിരുന്നു<br>• കാട്ടിൽ ജീവിച്ചിരുന്ന മനുഷ്യർ വിവിധ മാർഗങ്ങളിലൂടെ ഭക്ഷണം ശേഖരിച്ചിരുന്നു<br>• കല്ലുകളും കമ്പുകളും ഉപകരണങ്ങളായി ഉപയോഗിച്ച് കൂട്ടംകൂട്ടമായി അവർ വേട്ടയാടിയിരുന്നു<br>• മീൻപിടുത്തം, മൃഗങ്ങളെ വേട്ടയാടൽ | |

| | |
|---|---|
| എന്നിവയിലൂടെയും ഭക്ഷണം സമ്പാദിച്ചിരുന്നു<br>• കായ്കനികൾ, വേരുകൾ, കിഴങ്ങുകൾ, ഇല കൾ, മൃഗങ്ങളുടെ മാംസം എന്നിവയും ഭക്ഷണമായി ഉപയോഗിച്ചിരുന്നു<br>അനുരൂപീകരണ പ്രവർത്തനങ്ങൾ<br>ചിത്രങ്ങളിൽ നിന്ന് ഭക്ഷണസാധനങ്ങൾ കണ്ടെത്തി പറയുന്നു.<br>ഇഷ്ടമുള്ള ഭക്ഷണസാധനങ്ങളുടെ പേരുകൾ പറയുന്നു<br>ചിത്രങ്ങൾ നിരീക്ഷിച്ച് ആദിമകാലത്തെ മനുഷ്യരുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് പറയുന്നു. | |